കോഴിക്കോട് ചിന്താവളപ്പിലെ പോലീസ് ഹെഡ്ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണി

40 (2151) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ചിന്താവളപ്പിലെ പോലീസ് ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം അവിടത്തെ നിവാസികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അവസാനമായി അവിടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ക്വാർട്ടേഴ്സുകളുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് അറ്റുകുറ്റപ്പണികൾ നടത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) 1987ലാണ് പോലീസ് ക്വാർട്ടേഴ്സിന്റെ അറ്റുകുറ്റപ്പണികൾ അവസാനമായി നടത്തിയിട്ടുള്ളത്.

(സി) ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

യുവാവിനെ വീട്ടിൽ നിന്നും പോലീസ് ബലം പ്രയോഗിച്ച് പിടിച്ചുകൊണ്ടുപോയ സംഭവം

41 (2152) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിൽ വിരണക്കാവ് മുറിയിൽ നാരങ്ങാക്കോണം പ്രദീപ് ഭവനിൽ പ്രദീപിനെ കാട്ടാക്കട എസ്.ഐ.-യും അഞ്ചോളം പോലീസുകാരും ചേർന്ന് 15-4-2003 അർദ്ധരാത്രി 2.30-ന് വീട്ടിൽ നിന്ന് ബലം പ്രയോഗിച്ച് പിടിച്ചുകൊണ്ടുപോയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വ്യക്തിയെ മൂന്നാംമുറ പ്രയോഗിച്ച് മർദ്ദിച്ച് അവശനാക്കി കള്ളക്കേസുകൾ കെട്ടിച്ചമച്ച് 19-4-2003 രാത്രി 11 മണിക്ക് നെയ്യാറ്റിൻകര മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കി സബ്ജയിലിലേക്ക് റിമാന്റ് ചെയ്തയച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അവശനിലയിലായ പ്രദീപിനെ ജയിൽ സൂപ്രണ്ടിന്റെ നിർദ്ദേശാനുസരണം മെഡിക്കൽ കോളേജ് ആശുപത്രിയിൽ 2-ാം നമ്പർ സെല്ലിൽ പ്രവേശിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly